"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ലീഗൽ അഡ്വൈസറുടെ കരാർ നിയമനം ദീർഘിപ്പിച്ച് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.735/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 04/04/2020

പരാമർശം:-

1 28.04.2017-ലെ സ.ഉ.(അച്ചടി) നം.56/2017/ധന.

2 ജിസിഡിഎ സെക്രട്ടറിയുടെ 01.06.2019-ലെ 3741/ജി.3/2017/ജിസിഡിഎ നമ്പർ നടപടിക്രമം.

3 ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 29/06/2019-ലെ തീരുമാനം നം.40/2019-20.

4 ജിസിഡിഎ സെക്രട്ടറിയുടെ 08.07.2019-ലെ 3741/ജി.3/2017/ജിസിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ലീഗൽ അഡ്വൈസർ ആയി അതോറിറ്റി നിർവ്വാഹക സമിതി അംഗീകാരത്തോടെ നിയമിച്ചിരുന്ന അഡ്വ.പി.വി. ഉദയന്റെ കരാർ കാലാവധി 2 വർഷം പൂർത്തിയായതിനെ തുടർന്ന് ജി.സി.ഡി.എ. സെക്രട്ടറിയുടെ പരാമർശം (2) നടപടിക്രമം പ്രകാരം ടിയാന്റെ കരാർ കാലാവധി 12/05/2019 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുകയും പ്രതിമാസം ₹ 27,500/- രൂപ കരാർ വേതനമായി നിശ്ചയിച്ച് നൽകുകയും ചെയ്തു. അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി പരാമർശം (3) പ്രകാരം സാധൂകരിച്ചിട്ടുള്ള ടി നടപടിയ്ക്ക് അംഗീകാരം നൽകണമെന്ന് ജി.സി.ഡി.എ. സെക്രട്ടറി പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജി.സി.ഡി.എ-യിൽ ഒരു ലീഗൽ അഡ്വൈസറുടെ സേവനം അനിവാര്യമായതിനാലും ജി.സി.ഡി.എ എക്സിക്യൂട്ടീവ് കമ്മിറ്റി ടി കരാർ നിയമനം ദീർഘിപ്പിച്ച് നൽകിയ നടപടി പരാമർശം (3) പ്രകാരം സാധൂകരിച്ചിട്ടുള്ളതിനാലും ലീഗൽ അഡ്വൈസറുടെ കരാർ നിയമനം 12/05/2019 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിയ ജി.സി.ഡി.എ. സെക്രട്ടറിയുടെ പരാമർശം (3)-ലെ നടപടിക്രമം അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി മോള് ഡി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി , വിശാല കൊച്ചി വികസന അതോറിറ്റി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ